**കേരള സർക്കാർ**

നം. 908190/ഡിഡി3/16/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്,
തിരുവനന്തപുരം, തീയതി: 31.10.2016.

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ദേശീയ ഭക്ഷ്യ സുരക്ഷ ആക്ട് 2013-ലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 26-10-2016 തീയതിയിലെ 908190/ഡിഡി3/16/തസ്വഭവ നംപർ സർക്കുലർ.

--------------

ദേശീയ ഭക്ഷ്യ സുരക്ഷ ആക്ട് 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് സൂചനപ്രകാരമുള്ള സർക്കുലറിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഗുണഭോക്താക്കളുടെ പരാതി പരിഹരിക്കുന്നത് സംബന്ധിച്ച് ചില പഞ്ചായത്ത് സെക്രട്ടറിമാരും വില്ലേജ് ഓഫീസർമാരും ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നില്ല എന്നും ഇത് പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായും സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന്റെ ഭാഗമായി, പൊതുജനങ്ങളുടെ ആക്ഷേപങ്ങളും പരാതികളും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരും വില്ലേജ് ഓഫീസർമാരും സ്വീകരിക്കേണ്ടതും ആയത് പരിഹരിക്കുന്നതിന് അടിയന്തിരമായി താലൂക്ക്, സപ്ലൈ ഓഫീസർമാർക്ക് കൈമാറേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു.

**ടി.പി. വിജയകമാർ**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ് :-

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
5. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
6. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ നഗരസഭാ അദ്ധ്യക്ഷന്മാർക്കും പ്രസിഡന്റുമാർക്കും /സെക്രട്ടറിമാർക്കും (പകർപ്പ് നഗരസഭാ ഡയറക്ടർ മുഖേന)
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും,/സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
9. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും,/സെക്രട്ടറിമാർക്കും (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
10. ഡയറക്ടർ പബ്ലിക് റിലേഷൻ, തിരുവനന്തപുരം
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
12. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
13. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ